PL/15/2016

സ്വന്തം പിതാവിന്റെ തോളിലിരുന്ന് കാഴ്ച്ചവിസ്തൃതി നേടിയിട്ടില്ലാത്ത ബാല്യങ്ങളുണ്ടാവില്ല. ആൾക്കൂട്ടത്തിനിടയിലെ കാഴ്ച്ചകൾ ചെറുപ്പമായിരിക്കുമ്പോൾ അങ്ങനെയാണ് നമുക്ക് പലപ്പോഴും തരപ്പെട്ടിരുന്നത്. ടിക്കറ്റുവഴി പ്രവേശനം നിയന്ത്രിക്കുന്ന മത്സരക്കളികളും കലാപരിപാടികളും സ്റ്റേഡിയത്തിൽ നടക്കുമ്പോൾ അടുത്തുള്ള മരക്കൊമ്പുകളിൽ കയറിയിരുന്ന് പരിപാടികളുടെ വിദൂരദൃശ്യം സാധിച്ചെടുക്കുന്നവരെ പത്രത്താളുകളും വാർത്താചാനലുകളും നമുക്ക് വാർത്തയായി തരാറുണ്ട്. മരക്കൊമ്പിൽ കയറിയിരുന്ന് ആ വഴിയേ വരുന്ന യേശുവിനെ ഒരുനോക്കുകാണാൻ ബദ്ധപ്പെടുന്ന സക്കേവൂസിനെക്കുറിച്ചോർക്കുമ്പോൾ മേൽപ്പറഞ്ഞതൊക്കെ അനുബന്ധ ഓർമ്മകളാണ്. സ്കൂളിൽ പഠിച്ച പഞ്ചതന്ത്രകഥകളിലൊന്ന് ഓർമ്മയിലേയ്ക്കുവരുന്നത് എന്നെ സംബന്ധിച്ച് തീർത്തും സ്വാഭാവികം.

ദാഹിച്ചു വലഞ്ഞ ഒരു കാക്ക ഒരു കലത്തിനടിഭാഗത്ത് ജലം കണ്ടെത്തി. പറന്നിറങ്ങി കുടിക്കാൻ ശ്രമിക്കുന്നത് അപകടകരം. കാക്ക ഒരുപായം കണ്ടെത്തി. ഓരോ കല്ലുകൾ കൊത്തിയെടുത്ത് കലത്തിലിട്ടു. ജലോപരിതലം ഉയർന്നുകൊണ്ടിരുന്നു. ജലം വക്കുവരെ എത്തിയപ്പോൾ കാക്ക വക്കിലിരുന്നു ജലം കുടിച്ചു! സാഹചര്യങ്ങളുടെ പ്രാതികൂല്യം, സഹജമായ ഏതെങ്കിലുമൊരു കുറവ്- ഇവയൊന്നും ലക്ഷ്യപ്രാപ്തിക്കു തടസ്സമാവുന്നില്ലെന്നും ബുദ്ധിയും ഭാവനയുമുപയോഗിച്ചുകൊണ്ടുള്ള സ്ഥിരപരിശ്രമംകൊണ്ട് ഉദ്ദേശിക്കുന്നകാര്യം നേടിയെടുക്കാമെന്നുമുള്ള പാഠമാണ് കഥ നൽകാനുദ്ദേശിച്ചത്.

സക്കേവൂസ് ഉയരക്കുറവുള്ള മനുഷ്യനായിരുന്നു. അതിനാൽ ആൾക്കൂട്ടത്തിൽവച്ച് യേശുവിനെ കാണാൻ അയാൾക്കു എളുപ്പമായിരുന്നില്ല. യേശു സഞ്ചരിക്കുന്ന വഴിയെക്കുറിച്ചു കൃത്യതവരുത്തി അയാൾ മുന്നേ ഓടി ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. യേശു അടുത്തുവന്ന്, മുകളിലേയ്ക്കുനോക്കി; സക്കേവൂസിനെ കണ്ടു. അവിടുന്ന് അവനോടു പറഞ്ഞു: "സക്കേവൂസ്, വേഗം ഇറങ്ങി വരുക! ഇന്ന് എനിക്കു നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു" (ലൂക്കാ 17:5). യേശുവിനു ചുറ്റും കൂടിയിരുന്ന പലരും പിറുപിറുക്കാൻ തുടങ്ങി. യേശു ഒരു "പാപി"യുടെ ആതിഥ്യം സ്വീകരിക്കാൻ പോകുന്നതാണ് അവരെ പ്രകോപിപ്പിച്ചത്. യേശു തന്റെ വീട്ടിലെത്തിയപ്പോൾ സക്കേവൂസിനു മാനസാന്തരമുണ്ടായി. ചുങ്കക്കാരനും ധനികനുമായിരുന്ന അയാൾ അവിടുത്തോടു പറഞ്ഞു: "കർത്താവേ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു". തന്റെ ഭവനത്തിനു രക്ഷകൈവന്നിരിക്കുന്നു എന്ന സുവിശേഷമാണ് യേശു അയാൾക്കു കൈമാറിയത്.

പാവപ്പെട്ടവരോടും സമൂഹത്തിന്റെ അരികുകളിലേയ്ക്ക് വകഞ്ഞുമാറ്റപ്പെട്ടവരോടും യേശു പ്രദർശിപ്പിക്കുന്ന കാരുണ്യത്തിന്റെ അനുഭവങ്ങളാണ് ലൂക്കാ സുവിശേഷമായി രേഖപ്പെടുത്തിയിരിക്കുന്നത്. "എല്ലാക്കാര്യങ്ങളും പ്രാരംഭം മുതല്ക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാം ക്രമമായി(നിനക്ക്)എഴുതുന്നു"വെന്ന് ലൂക്കാ ആമുഖത്തിൽ

പറയുന്നുണ്ട്. അതാണ് ഉചിതമായ രീതിയെന്നും ലൂക്കാ പറയുന്നു(1 :3). കൃത്യമായ ഊന്നൽ മനസ്സിൽ സ്വരൂപിച്ചുകൊണ്ടാണ് നന്മ ചെയ്തുകടന്നുപോകുന്ന യേശുവിന്റെ പ്രവൃത്തികളെയും പ്രബോധനങ്ങളെയും ലൂക്കാ നമുക്കു പറഞ്ഞു തരുന്നത്. വിധവയുടെ മകന്റെ ഉയിർപ്പ്(7:11); രക്തസ്രാവക്കാരിയുടെ സുഖപ്രാപ്തി(8:42); ജന്മനാ കൂനുള്ള സ്ത്രീയെ നിവർത്തിനിർത്തൽ(13:12); മഹോദരം ബാധിച്ച ഒരുവന്റെ സുഖപ്പെടൽ(14:1–6) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ദർശനം എളുപ്പമാക്കുന്ന താക്കോൽസ്ഥാനങ്ങളിലൊന്നുമല്ല ഇവരാരുടെയും നില്പ്. ഏതാൾക്കൂട്ടത്തിലും യേശു ഇവരെയൊക്കെ കാണുകയും തിരിച്ചറിയുകയും അവരെ അടുത്തെത്തിച്ച് അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം നൽകുകയും ചെയ്യുന്നു. ഏറ്റവും ചെറിയവനെ വലിയവനാക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ യുക്തിയാണ് എപ്പോഴും അവിടുത്തെ പ്രവർത്തനശൈലിക്ക് ആധാരം.

സദാ സഞ്ചരിക്കുന്നവരാണു നമ്മളെല്ലാവരും. നമ്മൾ ഓരോദിവസവും പിന്നിടുന്ന ദൂരം യേശു പിന്നിട്ട ദൂരത്തേക്കാൾ പ്രായേണകുടുതലുമാണ്. ചുറ്റുപാടുമുള്ള യാഥാർത്ഥ്യങ്ങളൊക്കെ നമ്മുടെ ശ്രദ്ധയിൽ വരുന്നുണ്ടോ? ആരിലേക്കു ആദ്യമെത്തണം എന്നൊരു മനക്കണക്ക് നമ്മൾ നടത്താറുണ്ടോ? ഏകാഗ്രതമൂലമാണ് നമ്മളെ യാത്രോദ്ദേശ്യമൊഴിച്ച് ഇടയിൽ മറ്റൊന്നും കാണാത്തവരാക്കുന്നത് എന്നു പറഞ്ഞാൽ ഒട്ടുമിക്കപ്പോഴും ശരിയാവില്ല. നമ്മളെക്കൊണ്ടു നമ്മൾ നിറഞ്ഞിരിക്കുന്നതിനാലാണ് കാണാത്തവരും കേൾക്കാത്തവരുമായി നമ്മൾ കടന്നുപോകുന്നത്. ഇടപെടലുകൾ അത്യാവശ്യമായിരിക്കുന്ന വഴികളിലൂടെയാണ് ഓരോ ദിനവും കർത്താവു നമ്മളെ വഴി നടത്തുന്നതെങ്കിലും കാണേണ്ട പലതും നമ്മൾ കാണാതെ പോകുന്നു. ആവശ്യക്കാരനിലേയ്ക്കു തുറന്നു വച്ചിരിക്കുന്ന ഒരു കണ്ണ് നമുക്കാവശ്യമാണ്. ഏകാഗ്രതയോടു ചേർന്നുതന്നെ പരിസരബോധവും നിലനില്ക്കണം.

സക്കേവൂസ് എന്ന വാക്കിന്റെ അർത്ഥം ശുദ്ധിയുള്ളവൻ (pure), നിർദ്ദോഷി (innocent) എന്നെല്ലാമാണ്. ഇവനെ "പാപി" എന്നു മുദ്രകുത്താൻ ചുറ്റുമുള്ളവർക്കു മടിയില്ലായിരുന്നു. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" (മത്തായി 5:8) എന്നത് സക്കേവൂസിന്റെ കാര്യത്തിൽ നിവൃത്തിയാകുമ്പോൾ അതിലെ വൈരുധ്യം ശ്രദ്ധിക്കുക! കൗതുകം കൊണ്ടുമാത്രം അടുത്തു തടിച്ചുകൂടുന്നവരുടെ ബാഹുല്യം കൊണ്ട് ആവശ്യക്കാരൻ അകന്നുനില്ക്കേണ്ടിവരുന്ന സന്ദർഭങ്ങൾ സുവിശേഷത്തിൽ ധാരാളമാണ്. പലരുടെയും "പുണ്യം" മറ്റുപലരെയും മാനസാന്തരപ്പെടാതെ പാപത്തിൽത്തന്നെ നിലനിർത്തുന്നുവെന്നത് സംഭവിക്കുന്നകാര്യമാണ്. രക്ഷയുടെ അവകാശികൾ എല്ലാവരുമാണ്.

മനുഷ്യർക്കു ദൈവികകാഴ്ച്ചയൊരുക്കുന്നവരാണു പുരോഹിതർ, മനുഷ്യരെ ദൈവത്തിങ്കലേയ്ക്കു അടുപ്പിച്ചുനിർത്തുന്നവർ. ഇസ്രായേൽജനതയെ യാഹ്‌വെയുമായി അടുപ്പിച്ചുനിർത്താൻ ദൈവത്തിനും മനുഷ്യർക്കുമിടയിൽ നിരന്തരം നടന്ന് കാലുതേഞ്ഞ മോശയാണ് നമുക്കു പൂർവ്വമാതൃക. "എന്നെത്തടയരുത്; എന്റെ ക്രോധം ആളിക്കത്തി അവരെ വിഴുങ്ങിക്കളയട്ടെ" (പുറ 32:12) എന്നു പറയുന്ന ദൈവത്തോട് അവിടുത്തെ വാഗ്ദാനം ഓർമ്മിപ്പിക്കുകയും "മലകളിൽവച്ചു കൊന്നുകളയുന്നതിനും ഭൂമുഖത്തുനിന്നു തുടച്ചുമാറ്റുന്നതിനുമുള്ള ദുരുദ്ദേശ്യത്തോടുകൂടിയാണ് അവൻ അവരെ കൊണ്ടുപോയതെന്ന് ഈജിപ്റ്റുകാർ പറയാൻ ഇടവരുത്തുന്നതെന്തിന്?"(V.32:12) എന്നു ചോദിച്ച് മോശ ദൈവകോപത്തെ ശമിപ്പിക്കുന്നതോർക്കുക! "കർത്താവു ശാന്തനായി. തന്റെ ജനത്തിനെതിരായുള്ള തീരുമാനത്തിൽനിന്ന് അവിടുന്നു പിന്മാറി" എന്നു വചനം പറയുന്നു.

മറ്റൊരവസരത്തിൽ ഇറച്ചിക്കുവേണ്ടി വിലപിക്കുന്ന ജനത്തെ കണ്ട് മോശ ദൈവത്തോടു പറഞ്ഞു: "അങ്ങ് എന്നോടു കൃപ കാട്ടാത്തത് എന്തുകൊണ്ട്? ഞാനാണോ ഈ ജനത്തെ ഗർഭം ധരിച്ചത്? ...ഞാനാണോ അവരെ പ്രസവിച്ചത്?" (സംഖ്യ 11:12).

യേശു കടന്നു പോകുന്ന ജീവിതവഴികളിൽ സക്കേവൂസുമാർക്കു കാഴ്ച്ച തരപ്പെടുത്തുന്ന സിക്കമൂർ മരങ്ങളാവാനല്ലേ നമ്മുടെ വിളി? ആളുകൾ അടുത്തുവരാൻ കാത്തുനില്ക്കുന്ന അജപാലനശൈലിയിൽനിന്ന് ആളുകളുടെ അടുത്തേയ്ക്കെത്തുന്ന അജപാലനശ്രുശ്രൂഷയെക്കുറിച്ചാണല്ലോ സഭയിൽ ഇക്കാലത്ത് കൂടുതൽ ചർച്ചകൾ നടക്കുന്നത്. ആളുകളെ അടുത്തേയ്ക്കാകർഷിക്കുന്ന ദീപസ്തംഭങ്ങളായി അജപാലകർ മാറേണ്ടതുണ്ട്. എല്ലാവരെയും ഓരോരുത്തനെയും കാണുക, അപ്പോഴും ആവശ്യത്തിലകപ്പെട്ടവനെ ആദ്യം കാണുക എന്ന മുൻഗണനാക്രമമാവണം നമുക്കുനീതി വ്യവസ്ഥ.

ഏതെങ്കിലുമൊക്കെ കാര്യങ്ങളിൽ നമുക്ക് മറ്റുള്ളവരേക്കാൾ മികവുണ്ടാകും. മറ്റുചിലകാര്യങ്ങളിൽ നമുക്ക് കുറവുകളുമുണ്ടാകും. അഹങ്കാരത്തിനോ നിരാശയ്ക്കോ ഇത് കാരണമാക്കേണ്ടതില്ല. നമ്മളെ അളവുകോലാക്കിയാണ് നമ്മൾ എല്ലാ വിലയിരുത്തലുകളും കാഴ്ച്ചപ്പാടുകളും സ്വരൂപിക്കുന്നത്. വിശുദ്ധിയുടെ സ്രോതസ്സായ ദൈവത്തെയോർക്കാതെ, നിയമം അനുസരിക്കാത്ത ചുങ്കക്കാരനുമായി തന്നെ താരതമ്യം ചെയ്താണ് ഫരിസേയൻ പുണ്യവാനാകുന്നത്. ഇത്തരം വിലയിരുത്തലുകളിലാണ് സക്കേവൂസ് പാപിയാകുന്നത്. ഒരു വിദേശശക്തിക്കുവേണ്ടി ചുങ്കം പിരിക്കുന്നതിനാലാണ് സക്കേവൂസ് പാപിയായി പരിഗണിക്കപ്പെടുന്നത്. ഇവർ കൊടുക്കുന്ന ചുങ്കമാണ് അയാൾ പിരിക്കുന്നത്. ഒരുപക്ഷേ നിയമത്തിൽ പറയുന്നതിലും കൂടുതൽ പിരിച്ചിട്ടുണ്ടാകാം. നികുതികൊടുക്കാതെ പ്രതിഷേധിച്ച് ഇവർക്ക് നീതിമാന്മാരാകാമായിരുന്നില്ലേ എന്ന ചോദ്യം ബാക്കിനില്ക്കുന്നു.

പുരോഹിതനും സാഹിത്യകാരനുമായിരുന്ന ജൊനാഥൻ സിഫ്റ്റ് എഴുതിയ "ഗള്ളിവറിന്റെ യാത്രകൾ" വായിച്ചിട്ടുണ്ടാകുമല്ലോ. ലെമുവേൽ ഗള്ളിവർ എന്ന കടൽയാത്രികന്റെ സഞ്ചാരകഥകളാണ് അതിൽ പ്രതിപാദ്യം. രാഷ്ട്രീയ – സാമൂഹികകാലാവസ്ഥയെക്കുറിച്ചുള്ള ഒരു അന്യാപദേശയാത്രാവിവരണമെന്ന് ഇതിനെ കരുതാം. ഗള്ളിവർ തന്റെ ആദ്യയാത്രയ്ക്കിടയിൽ കപ്പൽച്ഛേദത്തെത്തുടർന്ന് ലില്ലിപ്പുട്ട് എന്ന സ്ഥലത്ത് കരയ്ക്കടുത്തു. അവിടുത്തെ മനുഷ്യരുടെ പൊക്കം ആറിഞ്ചായിരുന്നു. എന്നിട്ടും അവർ ഗള്ളിവറെ ബന്ധിക്കുന്നുണ്ട്. പിന്നീട് സ്വതന്ത്രനായ അയാൾ ലില്ലിപ്പുട്ടുകാരെ സഹായിച്ച് അവിടെ കഴിയുന്നു. അവരുടെ എല്ലാ ഇംഗിതത്തിനും വഴങ്ങാഞ്ഞ ഗള്ളിവറുടെ കണ്ണുകുത്തിപ്പൊട്ടിക്കാനാണ് ലില്ലിപ്പുട്ടിലെ രാജാവു വിധിക്കുന്നത്. ഒരു സ്നേഹിതന്റെ സഹായത്തോടെ അവിടെനിന്ന് രക്ഷപ്പെട്ട ഗള്ളിവർ വീണ്ടും കപ്പൽ യാത്രയ്ക്കിറങ്ങുന്നു. രണ്ടാമത്തെ യാത്രയിൽ വീണ്ടും കപ്പലപകടത്തിൽപ്പെട്ട് ബ്രോബ്ഡിംഗ്നാഗ് എന്ന സ്ഥലത്ത് ഗള്ളിവർ എത്തി. അവിടുത്തെ പുൽച്ചെടികൾക്കുതന്നെ മരത്തിന്റെ വലുപ്പമുണ്ടെന്നുകണ്ട് അയാൾ അമ്പരന്നു. മനുഷ്യരാകട്ടെ 72 അടിയോളം ഉയരമുള്ളവരും. വലുപ്പംകൊണ്ട് ലില്ലിപ്പുട്ടിൽ അതികായനായ ഗള്ളിവർ ബ്രോബ്ഡിംഗ്നാഗിൽ അല്പപ്രാണിയാവുകയാണ്. ഇത്രയുമേയുള്ളു മനുഷ്യന്റെ വലുപ്പച്ചെറുപ്പങ്ങളുടെ യാഥാർത്ഥ്യം! വലുപ്പച്ചെറുപ്പങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണകൾക്കു ആപേക്ഷികസാധുതയേ ഉള്ളു. "കാട്ടാളരിൽ കാപ്പിരി കാമദേവൻ" എന്ന കവിവചനം സത്യമാകുന്നു. നമ്മുടെ നാട്ടിലെ വെളുത്തവൻ സായിപ്പിന്റെ മുമ്പിൽ കറുത്തവർഗ്ഗക്കാരനാകുന്നത് അനുഭവമാണല്ലോ. ഏറ്റക്കുറച്ചിലുകൾ പ്രകൃതിയിലെ സൃഷ്ടിസംവിധാനത്തിന്റെ ഭാഗമാണ്. എല്ലാറ്റിനും

അതതിന്റേതായ സ്ഥാനവും പ്രാധാന്യവും ഉണ്ട്. ഓരോരുത്തർക്കും ചേർന്നവിധത്തിൽ എല്ലാവരെയും അനുഗ്രഹിക്കുന്ന (ഉല്പത്തി 42:28) ദൈവത്തിന്റെ സംവിധാനമികവിനെയാണ് നമ്മൾ അത്ഭുതാദരവോടെ നോക്കിക്കാണേണ്ടത്.

നേട്ടങ്ങളുടെ കൊടുമുടികളിൽനിന്ന്, ആഗ്രഹപൂർത്തീകരണത്തിന്റെ ഉയരങ്ങളിൽനിന്ന് ദൈവം എല്ലായ്പ്പോഴും മനുഷ്യരെ താഴേക്കിറക്കിക്കൊണ്ടുവരാറുണ്ട്. താഴ്വാരങ്ങളിൽ ചെയ്യാൻ കാര്യങ്ങൾ ബാക്കികിടക്കുന്നു; അതിനുള്ള ഊർജ്ജവും ഉത്തേജനവുമാണ് ഉയരങ്ങളിലെ "മായക്കാഴ്ച"കളിൽനിന്ന് ഒരാൾ സ്വീകരിക്കേണ്ടത് എന്നതിനാലാവും ഇത്. താബോറിലെ സ്വർഗ്ഗീയാനുഭവത്തിൽനിന്ന് ശിഷ്യന്മാരെ യേശു പ്രാർത്ഥനയും ഉപവാസവുമൊക്കെക്കൊണ്ടുമാത്രം നേരിടാവുന്ന അവിശ്വാസത്തിന്റെ താഴ്വാരത്തേയ്ക്ക് ഇറക്കിക്കൊണ്ടുവന്നു. സമ്പത്തിന്റെ കുന്നുകൂടലിൽ ജീവിതസുരക്ഷിതത്വം കണ്ടെത്തുന്ന അത്യധ്വാനത്തിൽ നിന്ന് നീതിക്കായി വിശക്കാനും ദാഹിക്കാനും ഹൃദയശുദ്ധിയിൽ ദൈവത്തെ ദർശിച്ച് ദൈവം മാത്രംമതി എന്നു നിശ്ചയിക്കാനുമുള്ള മാനസാന്തരാനുഭവത്തിലേയ്ക്ക് യേശു സക്കേവൂസിനെ ഇറക്കിക്കൊണ്ടുവന്നു. എല്ലാമുപേക്ഷിക്കാൻ മനസ്സില്ലാതിരുന്ന ധനികയുവാവ് ദുഃഖിതനായിമടങ്ങുമ്പോൾ എല്ലാം തന്നെ ഉപേക്ഷിക്കുന്ന ധനികനായ സക്കേവൂസ് രക്ഷകണ്ടെത്തുന്നു.

പരിമിതികളുടെ മുമ്പിൽ കീഴടങ്ങൽ മനുഷ്യനുചേർന്ന പ്രവൃത്തിയല്ല. ചിലപരിമിതികളെ മറികടക്കാനുള്ള മറുമരുന്ന് മനുഷ്യഭാവനയുടെ ശേഖരത്തിലുണ്ട്. കുള്ളനായ സക്കേവൂസ് ഉയരമുള്ള മരത്തിന്റെ സഹായം തേടുമ്പോൾ അയാൾ ആരേക്കാളും ഉയരമുള്ളവനാകുന്നു. 'വികലം' എന്നു പറയാവുന്ന മാനുഷികാവസ്ഥ ഇല്ല എന്ന പുതിയ ധാരണ രൂപപ്പെട്ടുവരുന്ന കാലമാണല്ലോ നമ്മുടേത്. "ഭിന്നശേഷിക്കാർ" എന്നപ്രയോഗം പ്രചാരത്തിലായിക്കഴിഞ്ഞു. റിയോയിലെ ഒളിംപിക്സിനു പിന്നാലെ അവിടെത്തന്നെ പാരാലിംപിക്സ് നടക്കുകയുണ്ടായി. ചിലമത്സരഇനങ്ങളിൽ ഒളിംമ്പികസിലെ പ്രകടനത്തെ വെല്ലുന്നപ്രകടനങ്ങൾ പാരാലിംപിക്സിൽ കാണുകയുണ്ടായി.

എല്ലാറ്റിനെയും എല്ലാവരെയും അളന്നുതിട്ടപ്പെടുത്തി കള്ളികളിൽ വയ്ക്കാനുള്ള പാകമൊത്ത അളവുകോൽ "ഞാൻ തന്നെ!" എന്നുധരിക്കുന്ന പ്രൊക്രാസ്റ്റസുമാരാവാതിരിക്കാൻ നമുക്കുശ്രദ്ധിക്കാം. ലില്ലിപ്പുട്ടിൽ ഭീമാകാരനായി വിലസിയപ്പോഴും ബ്രോബ്ഡിംഗ്നാഗിൽ കൃമിസമാനനായി പരിണമിച്ചപ്പോഴും, രണ്ടിടത്തും, ഗള്ളിവർ വെറും കാഴ്ച്ചവസ്തുവായിരുന്നുവെന്നത് നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്. "തിന്മയെ സംബന്ധിച്ചിടത്തോളം നിങ്ങൾ പൈതങ്ങളെപ്പോലെയും ചിന്തകളിൽ പക്വമതികളെപ്പോലെയും ആയിരിക്കുവിൻ" എന്ന അപ്പസ്തോലിക വചനം (1കോറി. 14:20) നമുക്കു പാഠമാകട്ടെ.

+ജോസഫ് കരിയിൽ
കൊച്ചിമെത്രാൻ